സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം

കൈമനം, തിരുവനന്തപുരം – **695040**

**നം. സി 4/1217/2022/സിടിഇ** തീയതി: **12.08.2022**

**വിജ്ഞാപനം നം: 40 / ആഗസ്റ്റ് 2022**

വിഷയം: വിദ്യാഭ്യാസം – സാങ്കേതികം – പരീക്ഷാ വിഭാഗം - കെ.ജി.ടി.ഇ - പ്രിന്റിംഗ് ടെക്നോളജി പരീക്ഷ - ആഗസ്റ്റ് **2022 :-**

സൂചന: **(1) GO(Rt) No: 1077/2020/H.Edn, Dated: 24/08/2020**
**(2) സർക്കുലർ നം: D1/2835/2021/CTE, Dated:22/11/2021**

**1. സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന കെ.ജി.റ്റി.ഇ - പ്രിന്റിംഗ് ടെക്നോളജി പരീക്ഷ - ആഗസ്റ്റ് 2022 പരീക്ഷ എഴുതുന്നതിന് യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.**

**2. പരീക്ഷാ ടൈം ടേബിൾ, www.tekerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.**

**3. പരീക്ഷാ കേന്ദ്രങ്ങളുടെ വിവരം പിന്നീട് അറിയിക്കുന്നതാണ്.**

**4.** സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തുന്നതോ / സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങളിൽ പ്രിന്റിംഗ് ടെക്നോളജി വിഭാഗത്തിൽപ്പെട്ട വിഷയങ്ങളിൽ പഠനം പൂർത്തീകരിച്ചവർക്കാണ് ഈ പരീക്ഷ എഴുതാൻ അർഹത ഉണ്ടായിരിക്കുന്നത്.

**5. സർക്കാർ സർവീസിലുള്ളവർക്കുള്ള പരീക്ഷാ രജിസ്ട്രേഷൻ**

**(i)** കേരള സർക്കാർ സർവീസിലുള്ള കെ.ജി.റ്റി.ഇ ലോവർ പരീക്ഷ പാസായതും, 'Pre Press, Press Work, Post Press Operation & Finishing' - ഇവയിലേതെങ്കിലും 5 വർഷത്തിൽ കുറയാതെ പ്രവൃത്തി പരിചയം ഉള്ളതുമായവർക്ക് ഈ പരീക്ഷ എഴുതാൻ അർഹത ഉണ്ടായിരിക്കും.

**(ii)** ഇത്തരം ജീവനക്കാർക്ക് താഴെപ്പറയുന്ന പട്ടിക പ്രകാരം കെ.ജി.റ്റി.ഇ (ലോവർ) പാസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിനു നേരെ രേഖപ്പെടുത്തിയിരിക്കുന്ന ഹയർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**(iii)** ഈ അപേക്ഷകരെ അംഗീകൃത സ്ഥാപനത്തിൽ പഠനം പൂർത്തീകരിക്കുന്നതിൽ നിന്നും , മിനിമം ഹാജർ, ഇന്റേണൽ അസസ്സ്മെന്റ്, പ്രാക്ടിക്കൽ റെക്കോർഡ്സ് എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**(iv)** ഈ അപേക്ഷകർ സർക്കാർ ഉദ്യോഗസ്ഥർ ആണെന്ന് തെളിയിക്കുന്നതും, ഈ മേഖലയിൽ 5 വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയമുണ്ടെന്നുമുള്ള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**(v)** ഇത്തരത്തിൽ ആദ്യമായി അപേക്ഷിക്കുന്നവർ അപേക്ഷാ ഫീസിന് പുറമെ, പെർമനന്റ് രജിസ്റ്റർ നമ്പർ ലഭിക്കുന്നതിനുള്ള ഫീസായി 560/- രൂപ കൂടി പരീക്ഷാ ഫീസിനൊപ്പം അടയ്ക്കേണ്ടതാണ്. മുൻപ് ഇതേ കോഴ്സിന് അപേക്ഷിച്ച് പെർമനന്റ് രജിസ്റ്റർ നമ്പർ ലഭിച്ചിട്ടുള്ളവർ അവർക്ക് ലഭിച്ചിട്ടുള്ള പെർമനന്റ് രജിസ്റ്റർ നമ്പർ അപേക്ഷയിൽ സൂചിപ്പിക്കേണ്ടതാണ്.

| ക്രമ നം. | സർവീസിലുള്ളവരുടെ നിലവിലെ യോഗ്യത | അപേക്ഷിക്കാവുന്ന പരീക്ഷ |
|---|---|---|
| 1 | 1. KGTE Proof Reader (Lower)<br>2. KGTE Stereo Typing (Lower)<br>3. KGTE Compositors Work (Lower)<br>4. KGTE Type Casting (Lower) | KGTE Pre Press Operation |
| 2 | 1. KGTE Machine Work (Lower)<br>2. KGTE Press Work (Lower)<br>3. KFTE Printers Ware House (Lower) | KGTE Press Work |
| 3 | KGTE Book Binding | KGTE Post Press Operation & Finishing |

**<u>6. അപേക്ഷാ ഫോറം</u>**

അപേക്ഷാ ഫോറത്തിന്റെ മാതൃക ഈ നോട്ടിഫിക്കേഷനോടൊപ്പം പ്രത്യേകം ഉൾക്കൊള്ളിക്കുന്നു. സ്ഥാപന മേധാവികൾ അപേക്ഷകൾ സ്വീകരിക്കുമ്പോൾ തന്നെ അപേക്ഷകന്റെ വിവരങ്ങൾ കൃത്യമാണോയെന്നും ആവശ്യമായ ഫീസ് ഒടുക്കിയിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. യോഗ്യരായ അപേക്ഷകരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് (പേര്, രജിസ്റ്റർ നമ്പർ, ഫീസ് വിവരം ഉൾപ്പടെയുള്ളവ ) തയ്യാറാക്കി അപേക്ഷകൾ സാങ്കേതിക പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

**<u>7. ഫീസ് വിവരം</u>**

| | |
|---|---|
| പരീക്ഷാ ഫീസ് | 500/- |
| സപ്ലിമെന്ററി പരീക്ഷ (ഓരോന്നിനും) | 170/- |
| ഫീസ് അടയ്ക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് | 0202-02-101-98-Exam Fees |
| പ്രായോഗിക പരീക്ഷയ്ക്ക് പരീക്ഷാ കേന്ദ്രത്തിൽ അടയ്ക്കേണ്ട തുക ( ഒരു വിഷയത്തിന്) | 170/- |

(i) ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(ii) ഒരിക്കൽ അടച്ച പരീക്ഷാ ഫീസ് ഒരു കാരണവശാലും തിരികെ നൽകുകയോ മറ്റ് പരീക്ഷകൾക്കായി പരിഗണിക്കുകയോ ചെയ്യുന്നതല്ല.

(iii) പരീക്ഷാ ഫീസ് അടച്ചു എന്നത് പരീക്ഷ എഴുതുന്നതിനുള്ള അവകാശമായി കണക്കാക്കുന്നതല്ല.

**8. പരീക്ഷാ രജിസ്ട്രേഷൻ തീയതികൾ**

| | | |
|---|---|---|
| 1 | അപേക്ഷ സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 06.09.2022 |
| 2 | സ്ഥാപന മേധാവികൾ അപേക്ഷകൾ സാങ്കേതിക പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 13.09.2022 |
| 3 | സ്ഥാപന മേധാവി ഇന്റേണൽ മാർക്ക് സമർപ്പിക്കേണ്ട അവസാന തീയതി **(കവറിന് പുറത്ത് കോൺഫിഡൻഷ്യൽ എന്ന രേഖപ്പെടുത്തിയിരിക്കണം . അസിസ്റ്റന്റ് കൺട്രോളർ, സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം, കൈമനം, തിരുവനന്തപുരം -40 എന്ന വിലാസത്തിലേക്കാണ് ഇന്റേണൽ മാർക്ക് അയക്കേണ്ടത്.)** | 13.09.2022 |
| 4 | സർക്കാർ സർവീസിൽ ഉള്ളവർ സാങ്കേതിക പരീക്ഷാ കൺട്രോളർക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 13.09.2022 |

**9.** ഹാൾ ടിക്കറ്റുകൾ പരീക്ഷാ കേന്ദ്രങ്ങൾ / ബന്ധപ്പെട്ട സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്നതായിരിക്കും . ഹാൾ ടിക്കറ്റ് ഇല്ലാതെ ഒരു കാരണവശാലും പരീക്ഷ ഏഴുതാൻ സാധിക്കുന്നതല്ല.

**10. പ്രായോഗിക പരീക്ഷകൾ**

(i) പ്രായോഗിക പരീക്ഷകൾ തിയറി പരീക്ഷയ്ക്ക് ശേഷം നടത്തുന്നതും പരീക്ഷാ കേന്ദ്രം പിന്നീട് അറിയിക്കുന്നതുമാണ്.

**(ii) പ്രായോഗിക പരീക്ഷയുടെ തീയതിയും സമയവും പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിൽ നിന്നും പരീക്ഷാർത്ഥികൾ ഉറപ്പാക്കേണ്ടതാണ്. ഇതിന്റെ മുഴുവൻ ഉത്തരവാദിത്തവും പരീക്ഷാർത്ഥികൾക്കായിരിക്കും. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും ഒരു പരാതിയും സ്വീകരിക്കുന്നതല്ല.**

**11.** ജി.ഒ (എം.എസ്) നം: 09/ 92 /ഉവിവ, തീയതി: 06.01.1992 എന്ന സർക്കാർ ഉത്തരവ് പ്രകാരം 40% ൽ അധികം അംഗവൈകല്യമുള്ള ഭിന്ന ശേഷിക്കാരായ പരീക്ഷാർത്ഥികൾക്ക് 3 മണിക്കൂർ സമയ ദൈർഘ്യമുള്ള പരീക്ഷകൾക്ക് 30 മിനിട്ടും അതിൽ കുറവ് സമയ ദൈർഘ്യമുള്ള പരീക്ഷകൾക്ക് അതിന് ആനുപാതികമായും അധിക സമയം അനുവദിച്ചിട്ടുണ്ട്. അത്തരം

പരീക്ഷാർത്ഥികൾ ആയത്തിലേക്കുള്ള ഉത്തരവ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും നേടിയെടുക്കേണ്ടതാണ്.

**12.** പരീക്ഷാ ഫലം സാങ്കേതിക പരീക്ഷാ കൺട്രോളറുടെ www.tekerala.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ പരീക്ഷയ്ക്ക് പുനർ മൂല്യ നിർണ്ണയം ഉണ്ടായിരിക്കുന്നതല്ല. സൂക്ഷ്മ പരിശോധനയ്ക്ക് (Scrutiny) അവസരം ഉണ്ടായിരിക്കുന്നതാണ്.

**13. പരീക്ഷ വിജയകരമായി പൂർത്തയാക്കുന്നവർ, സർട്ടിഫിക്കറ്റിനും മാർക്ക് ലിസ്റ്റിനും അതാത് സമയത്തെ നിരക്കിലുള്ള ഫീസ് അടയ്ക്കേണ്ടതാണ്.**




**ജോയിന്റ് കൺട്രോളർ**

പകർപ്പ് :

1. ബന്ധപ്പെട്ട പ്രിന്റിംഗ് ടെക്നോളജി സ്ഥാപന മേധാവികൾക്ക്
2. കമ്പ്യൂട്ടർ സെക്ഷൻ, ജെ.സി.ടി.ഇ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്**

**സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം**

**കെ.ജി.ടി.ഇ പ്രിന്റിംഗ് ടെക്നോളജി പരീക്ഷാ - ആഗസ്റ്റ് 20...**

**അപേക്ഷാ ഫോറം**

6 മാസത്തിനുള്ളിൽ എടുത്ത പാസ്സ്പോർട്ട് സൈസ് ഫോട്ടോ
(ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം)

**<u>പാർട്ട് - 1</u>**

(എല്ലാ അപേക്ഷകരും പൂരിപ്പിക്കേണ്ടത്)

1. അപേക്ഷിക്കുന്ന വിഷയം :

2. പരീക്ഷാർത്ഥിയുടെ പേര് :

   (എ) മലയാളത്തിൽ :

   (ബി) ഇംഗ്ലീഷിൽ :

   (വലിയ അക്ഷരത്തിൽ യോഗ്യത സർട്ടിഫിക്കറ്റിലേത് പോലെ)

3. രക്ഷിതാവിന്റെ പേര് :

4. തപാൽ മേൽ വിലാസം:

   (ഫോൺ നമ്പർ ഉൾപ്പടെ)

5. സ്ഥിര മേൽ വിലാസം:

6. ജാതി - മതം (പട്ടിക ജാതി / പട്ടിക :
വർഗ്ഗമാണെങ്കിൽ പ്രത്യേകം സൂചിപ്പിക്കണം )

7. ജനന തീയതിയും വയസും :
(തെളിവ് ഹാജരാക്കണം)

8. ജയിച്ച പരീക്ഷകൾ (എ) ജനറൽ
(സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെട്ടുത്തിയ :
പകർപ്പ് ഹാജരാക്കണം)

(ബി) ടെക്നിക്കൽ (വിഷയവും ഗ്രേഡും, :
വിജയിച്ച വർഷവും രേഖപ്പെടുത്തണം.
സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
ഹാജരാക്കണം)

9. എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ച :
വർഷവും രജിസ്റ്റർ നമ്പറും

10. എഴുതാൻ ഉദ്ദേശിക്കുന്ന വിഷയങ്ങൾ

1.........................................................................

2.........................................................................

3.........................................................................

4.........................................................................

11. പരീക്ഷാ ഫീസ്, ചെലാൻ നമ്പറും തീയതിയും, ട്രഷറിയുടെ പേര് മുതലായവ

12. ഒരിക്കൽ പരീക്ഷ എഴുതി പരാജയപ്പെട്ടതാണെങ്കിൽ ആ പരീക്ഷയുടെ രജിസ്റ്റർ നമ്പറും വർഷവും

**<u>പാർട്ട് - 2</u>**

(അംഗീകൃത സ്ഥാപനത്തിൽ പഠിച്ച അപേക്ഷകർ പൂരിപ്പിക്കാനുള്ളത്)

1. പഠിച്ച സ്ഥാപനം

2. കോഴ്സ്

3. ഹാജർ ശതമാനം (സ്ഥാപന മേധാവി പൂരിപ്പിക്കേണ്ടത്)

**അപേക്ഷകന്റെ ഒപ്പ്** **സ്ഥാപന മേധാവിയുടെ ഒപ്പ്**

**<u>പാർട്ട് - 3</u>**

(സർക്കാർ സർവീസിലുള്ള അപേക്ഷകർ പൂരിപ്പിക്കേണ്ടത്)

1. തൊഴിൽ ചെയ്യുന്ന സ്ഥാപനം

2. വകുപ്പ്

3. തസ്തിക

4. സർക്കാർ സർവീസിൽ ചേർന്ന തീയതി

5. കെ.ജി.ടി.ഇ സർട്ടിഫിക്കറ്റ് നേടിയ വർഷം

6. തൊഴിൽ പരിചയം

7. തൊഴിൽ മേഖല / സ്വഭാവം

**അപേക്ഷകന്റെ ഒപ്പ്** **സ്ഥാപന മേധാവിയുടെ ഒപ്പ്**

**<u>പ്രതിജ്ഞ</u>**

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളെല്ലാം സത്യമാണെന്ന് ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

സ്ഥലം :

**തീയതി :** **അപേക്ഷകന്റെ ഒപ്പ്**